കുടുംബശ്രീ മിഷന്റെ കീഴിൽ ആരംഭിക്കുന്ന മാധ്യമ ചാനൽ

353 (1797) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷന്റെ കീഴിൽ ഒരു മാധ്യമ ചാനൽ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച മന്ത്രിസഭായോഗ തീരുമാനത്തിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ചാനൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; ചാനലിന്റെ ആരംഭപ്രവർത്തനങ്ങൾ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം ദിനപത്രങ്ങളിൽ പരസ്യം നൽകിക്കൊണ്ടാണ് പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചത്;

(ഇ) തെരഞ്ഞെടുക്കപ്പെട്ട ഏജൻസിക്ക് ഈ മേഖലയുമായി ബന്ധപ്പെട്ടുള്ള പരിചയവും മറ്റും വിശദമാക്കാമോ ; പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കരാർ വ്യവസ്ഥകൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഇ) ബാധകമല്ല.

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ശ്രീ. ഹരിപ്രസാദിന് ആശ്വാസ കിരണം പദ്ധതി സഹായം

354 (1798) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ വലിയവീട്ടിൽ സുലോചന, കണ്ണാടിപൊയിൽ പി.ഒ., എന്നവരുടെ മകൻ ശ്രീ. ഹരിപ്രസാദിന് ആശ്വാസ കിരൺ പദ്ധതി സഹായം നിർത്തിവച്ചതിന്റെ കാരണം അറിയിക്കാമോ ;

(ബി) നിർദ്ധനനും കടുത്ത ശാരീരിക മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന ആളുമായ ഹരിപ്രസാദിന് പദ്ധതി സഹായം തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly